ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) ജപ്പാന്റെ ധനകാര്യ ഏജൻസിയായ ഒ. ഇ. സി. എഫ്. മായുണ്ടാക്കിയ കരാറനുസരിച്ച് പദ്ധതി നടത്തിപ്പിന് ആഗോള നിലവാരത്തിലുള്ള കൺസൾട്ടന്റ് സിനെ നിയമിക്കേണ്ടതുണ്ട്. കൺസൾട്ടന്റുമാരെ നിയമിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ പൂർത്തിയാകാത്തതാണ് കാലതാമസം ഉണ്ടായതിനുള്ള കാരണം.

(സി) ഇല്ല. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉദിക്കുന്നില്ല.

കെ. എസ്. ഇ. ബി. ഈടാക്കുന്ന കറന്റ് ചാർജ്ജ്

19 (*349) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. ഈടാക്കുന്ന കറന്റ് ചാർജ്ജ് മറ്റ് സംസ്ഥാനങ്ങൾ ഈടാക്കുന്ന ചാർജ്ജിൽനിന്നും കുറവാണോ ; ഇത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) മറ്റ് സംസ്ഥാനങ്ങളിലേതിനേക്കാൾ വൈദ്യുതി ഉൽപ്പാദനച്ചെലവ് ഇവിടെ കൂടുതലാണോ ;

(സി) ബോർഡിന്റെ പ്രവർത്തനം നഷ്ടമാകാനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) അതെ. അയൽ സംസ്ഥാനങ്ങളിലും കേരളത്തിലും ഇപ്പോൾ നിലവിലിരിക്കുന്ന താരിഫ് താഴെപ്പറയും പ്രകാരമാണ്.

യൂണിറ്റൊന്നിന് പൈസ

സംസ്ഥാനം	ലോടെൻഷൻ (എൽ റ്റി)			ഹൈടെൻഷൻ (എച്ച്.റ്റി) ഇ.എച്ച്.റ്റി		
	ഗാർഹികം	വ്യവസായം	കൃഷി	വാണിജ്യം		
ആന്ധ്ര	150	331	45	495	431	431
കർണ്ണാടക	145	340	80	535	502	502
തമിഴ്നാട്	160	410	-	440	413	413
കേരളം	104	255	55	590	288	240

LIBRARY ARCHIVES Kerala Legislative Assembly

(ബി) മറ്റ് സംസ്ഥാനങ്ങളിലെ ഉൽപ്പാദനച്ചെലവ് എത്രയെന്ന് വിവരം ലഭ്യമല്ല. അതുകൊണ്ട് അന്യസംസ്ഥാനങ്ങളുമായി കേരളത്തിന്റെ ഉൽപ്പാദനച്ചെലവ് താരതമ്യം ചെയ്തിട്ടില്ല.

(സി) ഗവൺമെന്റിൽനിന്നും ലഭിക്കേണ്ട സബ്സിഡി കൂടി കണക്കാക്കുമ്പോൾ ബോർഡ് ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. സംസ്ഥാനത്ത് വിതരണം നടത്തുന്ന വൈദ്യുതിക്ക് ചെലവാകുന്ന തുകയിൽ കുറഞ്ഞനിരക്കിൽ ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകുന്നതുകൊണ്ടാണ് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നത്. സപ്ലൈ ആക്ടിൽ പറഞ്ഞിട്ടുള്ള പ്രകാരം 3% റിട്ടേൺ ലഭിക്കേണ്ടതിന് ആവശ്യമായി വേണ്ടിവരുന്ന തുക ഗവൺമെന്റ് സബ്സിഡിയായി ലഭിച്ചതായി കണക്കാക്കിയാണ് ബോർഡിന്റെ ലാഭം കണക്കാക്കുന്നത്.

കെ. എസ്. ഇ. ബി. എഞ്ചിനീയേഴ്സ് മുഖേനയുള്ള പവർഹൗസ് നിർമ്മാണം

20 (*350) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. എഞ്ചിനീയേഴ്സ് സംസ്ഥാനത്ത് എത്ര പവർ ഹൗസ് സ്വന്തമായി ഡിസൈൻ ചെയ്ത് നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; അവ ഏതെല്ലാം ;

(ബി) കെ. എസ്. ഇ. ബി. എഞ്ചിനീയേഴ്സ് ഡിസൈൻ ചെയ്ത് നിർമ്മിച്ച പ്രസ്തുത പവർഹൗസുകൾക്ക് എന്തെങ്കിലും പോരായ്മ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ വിശദമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പവർഹൗസ് നിർമ്മാണത്തിലും ഡിസൈനുമായി ഏതെങ്കിലും കമ്പനികളെ കൺസൾട്ടന്റുമാരായി നിയമിക്കുകയുണ്ടായോ ;

(ഇ) ഉണ്ടെങ്കിൽ ആരെ എന്ത് തുകയ്ക്ക് എന്ന് വിശദമാക്കാമോ ;

(എഫ്) കൺസൾട്ടൻസി നൽകുന്നതിന് ടെൻഡർ വിളിക്കുക ഉണ്ടായോ ;

(ജി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(എച്ച്) സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ കഴിവുറ്റ എഞ്ചിനീയേഴ്സ് ഉണ്ടായിരിക്കെ അവരെ ഒഴിവാക്കിക്കൊണ്ട് വിദേശ കമ്പനിക്ക് ഇതിന്റെ കൺസൾട്ടൻസി നൽകാൻ പ്രേരിപ്പിച്ച കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly